സാമൂഹ്യ വനവൽക്കരണ പദ്ധതിയനുസരിച്ചുള്ള വിത്തുശേഖരണം

* 338. [364] ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, വി. എസ്. ചന്ദ്രശേഖരൻപിള്ള :
,, കെ. പി. അരവിന്ദാക്ഷൻ :
,, ടി. കെ. അറുമുഖൻ :
,, കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സാമൂഹ്യ വനവൽക്കരണ പദ്ധതിയനുസരിച്ച് വിത്തുകൾ ശേഖരിക്കുന്നതിനുള്ള നടപടിക്രമം എന്താണ് ;

(ബി) വിത്തുകൾ ശേഖരിക്കുന്നതിന് പ്രത്യേക നിബന്ധനകൾ എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. സൂറുദ്ദീൻ) :

(എ) തെരഞ്ഞെടുത്ത മേൽത്തരം ഇനം മരങ്ങളിൽനിന്നും, സംസ്ഥാന സിൽവികൾച്ചറൽ ഓഫീസറുടെ പക്കൽനിന്നും മറ്റ് സംസ്ഥാനങ്ങളിലെ ഗവ. വിത്തുശേഖരണ കേന്ദ്രങ്ങളിൽനിന്നും വിശ്വസ്ത ഗവൺമെന്റേതര വിത്തുവിൽപ്പന കേന്ദ്രങ്ങളിൽ നിന്നുമാണ് വിത്തുകൾ ശേഖരിക്കുന്നത്.

(ബി) ഉണ്ട്.

(സി) പാകമായതും കേടില്ലാത്തതും പുതുതായി ശേഖരിക്കുന്നതും കേടുവരാത്തവിധം സൂക്ഷിച്ചിരിക്കുന്നതുമായ വിത്തുകളായിരിക്കണമെന്നതാണ് നിബന്ധന.

കയർ വ്യവസായം

* 339. [365] ശ്രീ. എൻ. ശക്തൻ നാടാർ :
,, എം. എം. ഹസ്സൻ :
,, മണിമംഗലത്തു കുട്ട്യാലി :
,, ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കയർ വ്യവസായം പരിപോഷിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതിനായി കേന്ദ്രഗവൺമെന്റിൽനിന്ന് ധനസഹായം ലഭിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ എത്ര ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്സായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) കയർ വ്യവസായത്തെ സംബന്ധിച്ചിടത്തോളം കഴിയുന്നത്ര തൊഴിലാളികളെ സഹകരണ മേഖലയിൽ കൊണ്ടുവന്നിട്ട് അവർക്ക് ജോലിയും ന്യായമായ കൂലിയും കിട്ടത്തക്കവിധം സഹകരണമേഖലയെ ഉദ്ധരിക്കുന്നതിന് പല പരിപാടികളും ഗവൺമെൻറ് ആസൂത്രണം ചെയ്തു. അവയിൽ പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.

1. കയർ ഉൽപ്പന്നങ്ങൾ സൂക്ഷിക്കുന്നതിന് ഗുദാമുകൾ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം.
2. കയർ സംഘങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ പ്രവർത്തന മൂലധന വായ്പ.
3. കയർ സംഘങ്ങൾക്ക് നബാർഡിൻെറ ക്യാഷ് ക്രെഡിറ്റ് അനുസരിച്ച് ബാങ്ക് വായ്പ ലഭിക്കുമ്പോൾ കൊടുക്കേണ്ടി വരുന്ന കൂടിയ പലിശയിലുള്ള നഷ്ടം പരിഹരിക്കുന്നതിനുള്ള സബ്സിഡി.
4. സംഘങ്ങൾക്ക് ആവർത്തിച്ച് ഉണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവയ്ക്ക് ബാങ്ക് വായ്പ ലഭ്യമാക്കുന്നതിന് സാദ്ധ്യമാക്കുന്നതിനുവേണ്ടി വൈപ്പ് ഓഫ് ലോസ് ഗ്രാൻറ് നൽകുക.
5. ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് നവീന രീതിയിലുള്ള പ്രോസസിംഗ് യൂണിറ്റുകൾ ഉണ്ടാക്കുന്നതിനുള്ള സാമ്പത്തിക സഹായം.
6. ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് പരിഷ്ക്കരിച്ച രീതിയിലുള്ള റാട്ട് തറികൾ മറ്റുപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് $\frac{1}{3}$ സബ്സിഡിയോടു കൂടിയ സഹായം.
7. സംഘത്തിലെ സെക്രട്ടറിമാരുടേയോ ബിസിനസ് മാനേജരുടേയോ ശമ്പളം സബ്സിഡിയായി നൽകുക.
8. സംഘങ്ങളിൽ ഓഹരി മൂലധന നിക്ഷേപം.
9. സ്ത്രീ തൊഴിലാളികൾ കൂടുതലുള്ള സഹകരണ സംഘങ്ങളിൽ അവരുടെ കുട്ടികൾക്കുവേണ്ടി നഴ്സറികൾ ഉണ്ടാക്കുന്നതിന് വേണ്ടുന്ന ഗ്രാൻറ് നൽകുക.
10. സംഘത്തിലെ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുക.

മേൽപ്പറഞ്ഞ സഹായങ്ങൾക്കു പുറമേ തൊഴിലാളികളുടെ ക്ഷേമപരിപാടികൾ ഏറ്റെടുക്കുന്നതിനായി ഒരു കയർ ഡെവലപ്പ്മെൻറ് ഫണ്ട് രൂപീകരിക്കുക, സഹകരണ മേഖലയിലുള്ള ചെറുകിട ഉൽപ്പാദകർക്ക് തറികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള വർക്ക് ഷെഡുകൾ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക എന്നീ പരിപാടികളും ആസൂത്രണം ചെയ്തു വരുന്നു.

(ബി) കേന്ദ്ര ഗവൺമെൻറ് അംഗീകരിച്ച കോ-ഓപ്പറേറ്റീവൈസേഷൻ സ്കീം നടപ്പിലാക്കുന്നതിന് ചെലവിൻെറ 50% കേന്ദ്രവിഹിതം എന്ന തോതിൽ താഴെപ്പറയുന്ന സംഖ്യകൾ കേന്ദ്രസഹായമായി ലഭിച്ചിട്ടുണ്ട്.

1982-83	..	54,00,000	രൂപ
1983-84	..	1,35,00,650	,,
1984-85	..	1,00,82,350	,,
1985-86	..	25,75,000	,,

LIBRARY ARCHIVES Kerala Legislative Assembly